**FIRST BELL -2**

# സാമൂഹ്യ ശാസ്ത്രം –I

# CHAPTER -1 CLASS-5




**BIJU KK, GHS TUVVUR , MALAPPURAM 2021-22**


Harbin
Dalian
Beijing
CHINA
Qingdao
Shanghai
Guangzhou

# ചൈനീസ് വിപ്ലവം

വിദേശാധിപത്യത്തിനും രാജവാഴ്ചയ്ക്കും എതിരായ വിപ്ലവങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടിൽ ചൈന സാക്ഷ്യം വഹിച്ചു. ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നടപ്പിലാക്കിയതിൽനിന്നു വ്യത്യസ്തമായ രണ്ടു നയങ്ങൾ യൂറോപ്യൻ രാഷ്ട്രങ്ങളും അമേരിക്കയും ഉൾപ്പെട്ട കൊളോണിയൽശക്തികൾ ചൈനയിൽ സ്വീകരിച്ചു. അവ കറുപ്പുവ്യാപാരവും തുറന്ന വാതിൽ നയവുമായിരുന്നു. അവ എന്താണെന്നു  നോക്കാം.

# വിദേശികൾ ചൈനയിൽ ആധിപത്യം സ്ഥാപിക്കാൻ സ്വീകരിച്ച തന്ത്രങ്ങൾ ഏവ?

<u>കറുപ്പ് വ്യാപാരം</u>: -യൂറോപ്യന്മാർ ചൈനയിലേക്ക് കറുപ്പ് കയറ്റുമതി ചെയ്ത് അവിടത്തെ ജനങ്ങളെ സാമ്പത്തികമായും മാനസികമായും അടിമകളാക്കി.

<u>തുറന്ന വാതിൽ നയം</u>: -അമേരിക്ക ചൈനയിൽ വ്യാപാര അവകാശം നേടുന്നതിന് വേണ്ടി സ്വീകരിച്ച തന്ത്രമാണ് തുറന്ന വാതിൽ നയം.

-ഇതനുസരിച്ച് ചൈനയുടെ കമ്പോളങ്ങളിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവകാശവും അവസരവും ഉണ്ടെന്ന് അമേരിക്ക വാദിച്ചു.


BIJU KK, GHS TUVVUR , MALAPPURAM 2021-22

# ചൈനീസ് വിപ്ലവം കാരണം?

-ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും, ആധിപത്യത്തിനും അനുകൂലമായ നിലപാട് സ്വീകരിച്ചതാണ് വിപ്ലവത്തിന് കാരണമായത്.

-മഞ്ചു രാജവംശത്തിനെതിരെ നടന്ന ആദ്യകാല(1900) കലാപങ്ങളെ ബോക്സർ കലാപം എന്നാണ് അറിയപ്പെട്ടിരുന്നത്.

-കലാപകാരികൾ അവരുടെ മുദ്രയായി ബോക്സർമാരുടെ മുഷ്ടി സ്വീകരിച്ചതിനാലാണ് ഇങ്ങനെ അറിയപ്പെട്ടത്.



Dr. Sun Yat-Sen

# ഡോക്ടർ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ നടന്ന ആദ്യ ചൈനീസ് വിപ്ലവം

- 1911 ഡോക്ടർ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരെ വിപ്ലവം നടന്നു.

- ചൈനയിൽ രാജഭരണത്തിന് അന്ത്യം കുറിച്ചു.

- ദക്ഷിണ ചൈനയിൽ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ് പാർട്ടി ഒരു റിപബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

- ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി.

- യൂറോപ്യന്മാരുമായി ചൈന ഒപ്പിട്ട അന്യായമായ എല്ലാ കരാറുകളും റദ്ദാക്കി.


- കൃഷിയുടെയും വ്യവസായത്തിന്റെയും പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിച്ചു.

- റഷ്യയുടെ സഹായം സ്വീകരിച്ച ചൈന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.

- സൻയാത് സെന്നിന്റെ മരണത്തെത്തുടർന്ന് കമിന്താങ് കക്ഷിയുടെ ഭരണം ചിയാൻ കൈഷക്കിന്റെ നേതൃത്വത്തിലായി.



# Chiang Kai-Shek



## ചൈനയെ ജനകീയ റിപ്പബ്ലിക് ആകുന്നതിൽ മാവോസേതുങ് വഹിച്ച പങ്ക് വ്യക്തമാക്കുക

–ചിയാങ് കൈഷക്ക് ചൈനയിൽ സൈനിക ഏകാധിപത്യ ഭരണത്തിന് തുടക്കം കുറിച്ചു.

–കമ്മ്യൂണിസ്റ്റുകളുമായുള്ള സഹകരണം ഉപേക്ഷിച്ചു.

–അമേരിക്ക അടക്കമുള്ള വിദേശശക്തികൾക്ക് ചൈനയിൽ യഥേഷ്ടം ഇടപെടാൻ അവസരമൊരുക്കി.

–ചൈനയുടെ കൽക്കരി, ഇരുമ്പുരുക്ക് വ്യവസായങ്ങൾ, ബാങ്കിംഗ്, വിദേശ വ്യാപാരം തുടങ്ങിയ മേഖലകളെല്ലാം നിയന്ത്രിച്ചിരുന്നത് വിദേശികളായിരുന്നു.

-ചിയാങ് കൈഷക്കിന്റെ നയങ്ങളെ എതിർത്ത കമ്മ്യൂണിസ്റ്റുകളെ ക്രൂരമായി നേരിട്ടു.

-ഈ സമയം കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി ഉയർന്നുവന്ന മാവോ സെ തുങ് തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്നും ഒരു യാത്ര ആരംഭിച്ചു.

-ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര ലോങ് മാർച്ച് എന്നറിയപ്പെടുന്നു.

-ഈ യാത്ര വടക്കുപടിഞ്ഞാറ് യെനാനിൽ അവസാനിച്ചു.

–യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.

–മാവോ സെ തുംഗിന്റെ നേതൃത്വത്തിലുള്ള ചുവപ്പ് സേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.

–ചിയാങ് കൈഷക്ക് തായ് വാനിലേക്ക് രാഷ്ട്രീയ അഭയം തേടി.

–1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംങിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി മാറി.

# ALL THE BEST


BIJU KK

GHSS TUVVUR

MALAPPURAM - 8075512478